**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 98 — 05.03.2012 ൽ മറുപടിക്ക്

**പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ**

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര കേസ്സുകൾ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 449 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം കേസുകളിൽ എത്ര പെൺകുട്ടികൾ മരണപ്പെട്ടു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 4 പെൺകുട്ടികൾ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (സി) | 595 കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള സാമൂഹ്യദ്രോഹികൾക്ക് അതിവേഗം ശിക്ഷ ലഭിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഇത്തരം വിഷയം മാത്രം കൈകാര്യം ചെയ്യുന്നതിലേക്കായി അതിവേഗ കോടതികൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് സാങ്കേതികമായി തടസ്സങ്ങളുണ്ട്. നിലവിലുള്ള കോടതികളിൽ തന്നെ ത്വരിതഗതിയിൽ വിചാരണ നടപടികൾ കൈക്കൊള്ളുന്നതിന് പ്രോസിക്യൂട്ടർമാരും അന്വേഷണ ഏജൻസികളും ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | കേസ്സുകൾ | മരണം |
|---|---|---|
| തിരുവനന്തപുരം സിറ്റി | 13 | 1 (ആത്മഹത്യ) |
| തിരുവനന്തപുരം റൂറൽ | 40 | 1 |
| കൊല്ലം സിറ്റി | 44 | 0 |
| കൊല്ലം റൂറൽ | 21 | 1 |
| പത്തനം തിട്ട | 15 | 0 |
| ആലപ്പുഴ | 18 | 0 |
| കോട്ടയം | 29 | 0 |
| ഇടുക്കി | 25 | 0 |
| എറണാകുളം സിറ്റി | 15 | 0 |
| എറണാകുളം റൂറൽ | 31 | 0 |
| തൃശ്ശൂർ സിറ്റി | 8 | 0 |
| തൃശ്ശൂർ റൂറൽ | 24 | 0 |
| പാലക്കാട് | 39 | 0 |
| മലപ്പുറം | 30 | 0 |
| കോഴിക്കോട് സിറ്റി | 13 | 0 |
| കോഴിക്കോട് റൂറൽ | 16 | 0 |
| വയനാട് | 7 | 0 |
| കണ്ണൂർ | 31 | 0 |
| കാസർഗോഡ് | 28 | 1 |
| റയിൽവേസ് | 2 | 0 |
| **ആകെ** | **449** | **4** |